**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1358** **08-12-2022 - ൽ മറുപടിയ്ക്ക്**

**റോഡുകളുടെയും പാലങ്ങളുടെയും നിലവാരം ഉറപ്പ് വരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ഡോ സുജിത് വിജയൻപിള്ള | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത അതോറിറ്റിയുടെ റോഡ് നിർമ്മാണത്തിനിടെ പാലം തകർന്നു വീണ സംഭവത്തിന്റെ കൂടി പശ്ചാത്തലത്തിൽ സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിൽ നിശ്ചിത നിലവാരം കർശനമായി പുലർത്തുന്നുവെന്നുറപ്പ് വരുത്താൻ പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ടോ; | (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകളുടെയും പാലങ്ങളുടേയും നിർമ്മാണ പ്രവൃത്തികൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ എന്നിവ പ്രകാരം നടപ്പിലാക്കി വരുന്നു. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി മൂന്ന് തലത്തിലുള്ള ഗുണനിലവാര പരിശോധകൾ നടത്തി വരുന്നു. ഒന്നാംഘട്ട ഗുണനിലവാര പരിശോധനകൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടപ്പിലാക്കുന്നു. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളുടെ നേതൃത്വത്തിൽ കർശനമായി നടപ്പിലാക്കുന്നു. പ്രവൃത്തികളുടെ payment ഗുണനിലവാര പരിശോധന സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് നൽകിവരുന്നത്. കൂടാതെ നിർമ്മാണത്തിലെ അപാകതകൾ സംബന്ധിച്ച് പരാതികൾ ഉണ്ടാകുന്ന പക്ഷം പൊതുമരാമത്ത് വിജിലൻസ് വിഭാഗം പരിശോധന നടത്തുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. പ്രവൃത്തി നടക്കുന്ന ഇടങ്ങളിൽ നേരിട്ടെത്തിയുള്ള ഗുണപരിശോധനയ്ക്ക് ഓട്ടോമേറ്റഡ് മൊബൈൽ യൂണിറ്റുകൾ കൂടി ഏർപ്പെടുത്തും. ജില്ലകളിലെ ഗുണപരിശോധന ശക്തിപ്പെടുത്താൻ മൊബൈൽ ലാബുകൾ സജ്ജമാക്കുന്ന പദ്ധതിയും നടപ്പാക്കും. |
| (ബി) | മന്ത്രിയുടെ നേതൃത്വത്തിൽ സാങ്കേതിക വിദഗ്ദ്ധർ നടത്തിയ പരിശോധനയിൽ റോഡ് നിർമ്മാണത്തിലെ പോരായ്മകൾ കണ്ടെത്തിയിരുന്നോ; വിശദമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് നിരത്ത് / നിരത്ത് പരിപാലന വിഭാഗത്തിന് കീഴിലെ റണ്ണിംഗ് കോൺട്രാക്ട് പ്രവൃത്തികളുടെ പരിശോധന ചുമതലപ്പെടുത്തിയിട്ടുള്ള പരിശോധന സംഘത്തിന്റെ |

| | | | |
|---|---|---|---|
| | | | നേതൃത്വത്തിൽ നടന്നു വരുന്നുണ്ട്. പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുള്ള ഉദ്യോഗസ്ഥരെ തൽ സ്ഥാനത്ത് നിന്ന് മാറ്റുന്നത് ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ കൈക്കൊണ്ടു വരുന്നു. ഇത് കൂടാതെ മറ്റു പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ വിഭാഗം മുഖേന നടപ്പിലാക്കുന്നു. |
| (സി) | നിർമ്മാണം പൂർത്തിയാക്കി ഏറെ താമസിയാതെ റോഡ് തകരുന്ന സാഹചര്യത്തിൽ കരാറുകാരെയും പി.ഡബ്ല്യൂ.ഡി. എഞ്ചിനീയർമാരെയും പ്രതികളാക്കി കേസെടുക്കാൻ ഉത്തരവിട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) | ബഹു.ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം നിർമ്മാണം പൂർത്തിയാക്കി ആറുമാസത്തിനകം റോഡ് തകരുന്ന സാഹചര്യമുണ്ടായാൽ ബന്ധപ്പെട്ട എഞ്ചിനീയർമാരെയും കരാറുകാരെയും പ്രതികളാക്കി FIR രജിസ്റ്റർ ചെയ്ത് വിജിലൻസ് അന്വേഷണം നടത്തുന്നതിന് 02.09.2022 -ലെ G2/428/2019/PWD നമ്പർ സർക്കുലർ പ്രകാരം ഉത്തരവായിട്ടുണ്ട്. കൂടാതെ നിർമ്മാണം പൂർത്തിയാക്കി ഒരു വർഷത്തിനകം റോഡ് തകരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട വകുപ്പ് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ